DESPATCHED
On. 05/03/2020

10/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.1388(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.17114/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. പ്രശാന്ത് കെ.
S/o ഗോവിന്ദൻ,
രാമവില്ല, സൗത്ത് ബസാർ,
കണ്ണൂർ – 670 001.
} പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് കാര്യാലയം,
പള്ളിക്കുന്ന് പി.ഒ., കണ്ണൂർ – 670 004.
2) അപ്പീൽ അധികാരി,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07/02/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/03/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11/03/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20/04/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 23/10/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 04/11/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/11/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/12/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 10/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പ്രശാന്ത് കെ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു വിവരവും നൽകാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ ആയതുപ്രകാരവും യാതൊരു വിവരവും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

i. ഹർജിക്കാരൻ 2.12.2014 തീയതി 11458 നമ്പറായി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് കൈക്കൊണ്ടത് എന്നും
ii. 8.5.2013 തീയതി പഞ്ചായത്ത് സെക്രട്ടറി പരാതിയിൽ പറഞ്ഞ കെട്ടിട ഉടമസ്ഥന് നൽകിയ കത്തിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായുള്ള വിവരങ്ങളാണ്:

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തിയതിൽ പരാമർശിത കെട്ടിടം നിർമ്മിച്ചിട്ടുള്ളത് ചെത്തു കല്ലുകൾ കൊണ്ടാണെന്നും കാഴ്ചയിൽ കെട്ടിടം അപകടാവസ്ഥയിൽ അല്ലെന്നും എങ്കിലും കെട്ടിടത്തിന് ഏകദേശം 40–45 വർഷങ്ങളുടെ കാലപ്പഴക്കമുണ്ടെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1–ാം ഇനം സംബന്ധിച്ച് വ്യക്തമായ ഉത്തരം ഹർജിക്കാരന് നൽകേണ്ടതാണെന്നും 2–ാം ഇനത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള എഴുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ഹർജിക്കാരന് അനുവദിക്കേണ്ടതാണെന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശം പ്രകാരം ഹർജിക്കാരന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നു എന്നാണ്.

4. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നതായും തുടർന്ന് അപ്പീൽ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം വീണ്ടും ഹർജിക്കാരന് വിവരങ്ങൾ നൽകിയിരുന്നതായും കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 10–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION